10544
17/6/19

# കേരള സർക്കാർ

റവന്യൂ വകുപ്പ്- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കണ്ണൂർ ജില്ല – വാഹനാപകടത്തെ തുടർന്ന് മാതാപിതാക്കൾ നഷ്ടപ്പെട്ടുകയും, ഇരുകാലുകളുടെയും മുട്ടിനു മുകളിലായി മുറിച്ചു മാറ്റേണ്ടി വരികയുമുണ്ടായ കുമാരി. അഷിത.സി യുടെ മെഡിക്കൽ പഠനം പൂർത്തിയാക്കുന്നതിലേക്കായി ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡിആർഎഫ്-ബി) വകുപ്പ്

**സ. ഉ. (സാധാ) നം.1497/2019/റവ.** **തിരുവനന്തപുരം, തീയതി:14.06.2019**

---

പരാമർശം: 1. 07.02.2017 ൽ കുമാരി അഷിത സമർപ്പിച്ച നിവേദനം.
2. 28.07.2017 ലെ കണ്ണൂർ ജില്ലാ കളക്ടറുടെ REF-G2/15462/17 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

01.12.2000 ൽ ഉണ്ടായ വാഹനാപകടത്തിൽ മാതാപിതാക്കൾ മരണപ്പെട്ടുകയും അപകടത്തെ തുടർന്ന് രണ്ട് കാലുകളും മുട്ടിന് മുകളിലായി മുറിച്ചു മാറ്റേണ്ടി വരികയും ചെയ്ത കുമാരി. അഷിത.സി, പട്ടുവിലായി വില്ലേജ്, തലശ്ശേരി, കണ്ണൂർ എന്നവർ വഴിമുട്ടിയ മെഡിക്കൽ പഠനം പൂർത്തിയാക്കുന്നതിനും തുടർ ചികിത്സയ്ക്കുമായി ധനസഹായം ലഭ്യമാക്കണമെന്നഭ്യർത്ഥിച്ചു കൊണ്ട് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ളതും, ടിയാൾക്ക് ഉചിതമായ ധനസഹായം അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം കണ്ണൂർ ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിട്ടുള്ളതുമാണ്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കുമാരി. അഷിത.സി യുടെ മെഡിക്കൽ പഠനം പൂർത്തിയാക്കുന്നതിലേയ്ക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും **3,00,000/- രൂപ (മൂന്ന് ലക്ഷം രൂപ മാത്രം)** അനുവദിച്ച് ഉത്തരവാകുന്നു. ടി തുക കുമാരി അഷിതയുടെ പേരിൽ ദേശസാൽകൃത ബാങ്കിൽ സ്ഥിര നിക്ഷേപം നടത്തി പ്രതിമാസ പലിശ ലഭ്യമാകുന്ന വിധത്തിൽ നിക്ഷേപിക്കുന്നതിന് കണ്ണൂർ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. വിതരണത്തിനാവശ്യമായി വരുന്ന **3,00,000/- രൂപ (മൂന്ന് ലക്ഷം രൂപ മാത്രം)** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും കണ്ണൂർ ജില്ലാ കളക്ടർക്ക് നൽകേണ്ടതും, ജില്ലാ കളക്ടർ മേൽപറഞ്ഞ നിർദ്ദേശങ്ങൾ പാലിച്ച വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

4. കൂടാതെ കുമാരി അഷിത.സി യെ കേരള സാമൂഹിക ക്ഷേമ വകുപ്പിന്റെ അനാഥരായ കുട്ടികൾക്കുള്ള സ്നേഹപൂർവ്വം പദ്ധതിയിലോ, പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള വി-കെയർ

പദ്ധതിയിലോ ഉൾപ്പെടുത്തി തുടർ ചികിത്സ/പഠനം ഉറപ്പാക്കാൻ സാമൂഹിക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖേന ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ സാമൂഹ്യ നീതി വകുപ്പിനെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**സന്തോഷ് കുമാർ.ടി.കെ**

**ജോയിന്റ് സെക്രട്ടറി**

ജില്ലാ കളക്ടർ, കണ്ണൂർ

തഹസിൽദാർ, തലശ്ശേരി

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു.റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

റവന്യൂ (ഡി.ആർ.എഫ് - എ & സി) വകുപ്പുകൾ

ഐ & പി ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്

സാമൂഹ്യ നീതി വകുപ്പ് ( കുമാരി അഷിത.സി യെ കേരള സാമൂഹിക ക്ഷേമ വകുപ്പിന്റെ അനാഥരായ കുട്ടികൾക്കുള്ള സ്നേഹപൂർവ്വം പദ്ധതിയിലോ, പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള വി-കെയർ പദ്ധതിയിലോ ഉൾപ്പെടുത്തി തുടർ ചികിത്സ/പഠനം ഉറപ്പാക്കാനുള്ള ഉത്തരവ് ടി വകുപ്പിൽ നിന്നും പുറപ്പെടുവിക്കുന്നതിലേക്കായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ